**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2011.                15.07.2016 -ലെ മറുപടിക്ക്.

# നിർമ്മാണത്തൊഴിലാളി ക്ഷേമനിധി പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.ഡി.സതീശൻ** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പ്രതിമാസം എത്ര രൂപയാണ് പെൻഷൻ നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) നിർമ്മാണതൊഴിലാളി ക്ഷേമ ബോർഡിൽനിന്നും തൊഴിലാളികൾക്ക് പ്രതിമാസം നൽകിവരുന്ന പെൻഷനുകൾ ചുവടെ ചേർക്കുന്നു.<br>1. മെമ്പർ പെൻഷൻ - 600 രൂപ<br>2. കുടുംബ പെൻഷൻ - 300 രൂപ<br>3. അവശത പെൻഷൻ - 600 രൂപ<br>4. സാന്ത്വനം - 400 രൂപ |
| (ബി) പെൻഷൻ നൽകുന്നത് ക്ഷേമനിധി ബോർഡ് ആസ്ഥാനത്ത് നിന്നാണോ അതോ ജില്ലാ ഓഫീസുകളിൽ നിന്നുമാണോയെന്ന-തിന്റെ വിശദ വിവരം ലഭ്യമാക്കാമോ; | (ബി) നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നുള്ള പെൻഷൻ അനുവദിക്കുന്നത് അതാത് ജില്ലാ ഓഫീസുകളിൽ നിന്നുമാണ്. എന്നാൽ പെൻഷൻ നൽകുന്നതിന് ആവശ്യമായ തുക ജില്ലാ ഓഫീസുകളിൽ നിന്നും ബില്ലുകൾ ലഭ്യമാകുന്ന മുറക്ക് ചീഫ് ഓഫീസിൽ നിന്നും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് അനുവദിക്കുകയും, ജില്ലാ ഓഫീസുകളിൽ നിന്നും തുക പെൻഷണർമാർക്ക് വിതരണം ചെയ്തും വരുന്നു. |
| (സി) ഏത് മാസം വരെയാണ് പെൻഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ: | (സി) 2016 മാർച്ച് മാസം വരെയുള്ള എല്ലാ ക്വാർട്ടർ പെൻഷനും അനുവദിച്ച് നൽകിയിട്ടുണ്ട്. |

(ഡി) ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പ്രതിമാസം ഒന്നിൽ കൂടുതൽ തവണ പെൻഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ നൽകിയത് എത്ര രൂപയാണെന്നും ബോർഡിന് എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ഇ) പെൻഷൻ വിതരണം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(ഡി) & (ഇ) ബോർഡിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും പെൻഷണർമാർക്ക് 23.05.2014, 28.05.2014 എന്നീ തീയതികളിലായി ബാങ്ക് മുഖേന പെൻഷൻ അയച്ചതിൽ 23,27,812/- രൂപ അധികരിച്ച് അയച്ചതായി പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ഇപ്രകാരം അധികരിച്ച് അയച്ച തുക തുടർന്ന് ക്വാർട്ടർ പെൻഷൻ അയക്കുന്ന അവസരങ്ങളിൽ കിഴിച്ചും പെൻഷണർമാരിൽനിന്നും നേരിട്ട് തിരികെ ഈടാക്കിയും പൂർണ്ണമായി ക്രമീകരിച്ചിട്ടുണ്ടെന്ന് ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കൂടാതെ ബോർഡിന്റെ കൊല്ലം ജില്ലാ ഓഫീസിൽ നിന്നും പെൻഷണർമാർക്ക് 7/13 മുതൽ 3/15 വരെയുള്ള കാലയളവിൽ ബാങ്ക് മുഖേന പെൻഷൻ അയച്ചതിൽ 9,23,280/- രൂപ അധികരിച്ച് അയച്ചതായി പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ഇപ്രകാരം അധികരിച്ച് അയച്ച തുകയിൽ 7,15,030/- രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. ബാക്കി ലഭിക്കാനുള്ള 2,08,250/-രൂപ തുടർന്ന് ഉള്ള മാസങ്ങളിൽ ക്വാർട്ടർ പെൻഷൻ അയക്കുന്നതിൽ കുറവ് ചെയ്യുന്നതിനും പെൻഷണർമാരിൽ നിന്നും നേരിട്ട് തിരികെ ബോർഡിന്റെ ഫണ്ടിലേക്ക് ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.

കൂടാതെ ഇപ്രകാരം ബാങ്ക് മുഖേന പെൻഷൻ അയച്ചതിൽ മറ്റ് ജില്ലകളിൽ എന്തെങ്കിലും അപാകതകൾ സംഭവിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിന് ആവശ്യമായ പരിശോധനകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്,

സെക്ഷൻ ഓഫീസർ